# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മേയ് 9

May 9

2019

*1193 മേടം 25 വ്യാഴം*

# പത്രക്കുറിപ്പ് -1

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

---

**ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് വൺ പ്രവേശനം**

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ വടശേരിക്കരയിൽ ആൺകുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 2019-20 അധ്യയന വർഷം പ്ലസ് വൺ ഹ്യുമാനിറ്റീസ് കോഴ്സിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. ആകെയുള്ള സീറ്റുകളിൽ 70 ശതമാനം പട്ടികവർഗക്കാർക്കും 20 ശതമാനം പട്ടികജാതിക്കാർക്കും 10 ശതമാനം മറ്റ് പൊതുവിഭാഗത്തിനുമായി സംവരണം ചെയ്തിട്ടുണ്ട്. പട്ടികജാതി, മറ്റ് പൊതു വിഭാഗം അപേക്ഷകരുടെ അഭാവത്തിൽ ഈ സീറ്റുകൾ പട്ടികവർഗക്കാർക്ക് നൽകും.

അപേക്ഷാഫോറം റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, റാന്നി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, എംആർഎസ് ഓഫീസ് എന്നിവിടങ്ങളിൽ മെയ് 16 വരെ ലഭിക്കും. പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം ഹോസ്റ്റൽ സൗകര്യം, ഭക്ഷണം, യൂണിഫോം, നൈറ്റ് ഡ്രസ്, ചെരുപ്പ് എന്നിവയും സൗജന്യമായി ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 16. (പിഎൻപി 1104/19)

**ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ**

മൈലപ്ര ഗ്രാമപഞ്ചായത്തിലെ ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ 13 മുതൽ 18 വരെ നടക്കും. 13,14,15 തീയതികളിൽ എസ്എൻഡിപി യുപി സ്കൂളിലും

16,17,18 തീയതികളിൽ മൈലപ്ര കൃഷിഭവനിലും രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെയാണ് കാർഡ് പുതുക്കൽ നടക്കുക. (പിഎൻപി 1105/19)

## പത്തനംതിട്ട വില്ലേജിൽ റീസർവെ തുടങ്ങി

പത്തനംതിട്ട വില്ലേജിന്റെ റിസർവെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ കൈവശ ഭൂമിയുടെയും അതിരുകളിലും സർവെ കല്ല് സ്ഥാപിച്ച് അളന്നു തിട്ടപ്പെടുത്തി റിക്കാർഡുകൾ തയാറാക്കി തുടങ്ങി. എല്ലാ കൈവശ കക്ഷികളും കൈവശ ഭൂമിയുടെ അതിർത്തി വ്യക്തമാക്കിയിടണമെന്നും കൈവശ ഭൂമിയുടെ അസൽ രേഖകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാക്കണമെന്നും സർവെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ബന്ധപ്പെടേണ്ട ഓഫീസിന്റെ വിവരം ചുവടെ;

റീസർവെ സൂപ്രണ്ട് ഓഫീസ് നമ്പർ ഒന്ന് പത്തനംതിട്ട (0468 2326970, 9497539693), റീസർവെ സൂപ്രണ്ട് ഓഫീസ് നമ്പർ രണ്ട് പത്തനംതിട്ട (0468 2220366, 9447454318), റീസർവെ സൂപ്രണ്ട് ഓഫീസ് അടൂർ (04734 225233).

(പിഎൻപി 1106/19)

## മഴക്കാലപൂർവ ശുചീകരണ യജ്ഞം ഇന്നും (10) നാളെയും (11)

ആരോഗ്യ ജാഗ്രതയുടെ ഭാഗമായി മഴക്കാലപൂർവ ശുചീകരണയജ്ഞം ഇന്നും നാളെയും ജില്ലയിൽ നടക്കും. ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം എന്ന സന്ദേശത്തോടു കൂടിയാണ് ഈ വർഷത്തെ മഴക്കാലപൂർവ ശുചീകരണയജ്ഞം നടക്കുന്നത്. ജില്ലയൊട്ടാകെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ആരോഗ്യ വകുപ്പിന്റെയും ശുചിത്വമിഷന്റെയും ഇതര വകുപ്പുകളുടേയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ജനകീയ പങ്കാളിത്തത്തോടെയാണ് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ഇതിന് മുന്നോടിയായി വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഓരോ വാർഡിലെയും ശുചീകരണത്തിന് വാർഡുതല ശുചിത്വ സമിതി നേതൃത്വം നൽകും. ഓരോ വീട്ടിലും ഓഫീസിലും സ്ഥാപനങ്ങളിലുമുള്ളവർ തങ്ങളുടെ പരിസരം ശുചീകരിക്കണം.

ഇന്ന് ജില്ലയിലെ എല്ലാ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളും നാളെ പൊതുസ്ഥലങ്ങളും പരിസരങ്ങളും ശുചീകരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് അറിയിച്ചു. നാളെ പ്രധാന പാതയോരങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ, ഹരിതകർമ സേനാംഗങ്ങൾ, എൻ.എസ്.എസ്, എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് വോളന്റിയർമാർ, ഉദ്യോഗസ്ഥർ, മറ്റ് സംഘടനകൾ എന്നിവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. നാളെ നടക്കുന്ന പൊതുസ്ഥലങ്ങളിലേയും പാതയോരങ്ങളിലേയും ശുചീകരണ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾ പങ്കാളികളാകണമെന്നും ജില്ലാ കളക്ടർ അഭ്യർഥിച്ചു.

ആരോഗ്യപ്രവർത്തകർ പ്രദേശത്തെ വീടുകൾ, സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവ സന്ദർശിച്ച് കൊതുകുകളുടെ ഉറവിടം, മാലിന്യകേന്ദ്രങ്ങൾ എന്നിവ കണ്ടെത്തി അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് ഉൾപ്പെടെയുള്ള അനാരോഗ്യകരമായ പ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സെക്രട്ടറിമാരും സ്വീകരിക്കും. (പിഎൻപി 1107/19)

## ഒ.ഇ.സി വിദ്യാർഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/അംഗീകൃത സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളിലും ഒന്ന് മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒഇസി വിഭാഗം വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം ഈ വർഷം മുതൽ വിദ്യാർഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യും. ആനുകൂല്യത്തിന് അർഹരായ വിദ്യാർഥികൾ ഈ മാസം 31നകം വിദ്യാർഥിയുടെയും രക്ഷിതാവിന്റേയും പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കണം. നിലവിൽ ബാങ്ക് അക്കൗണ്ടുകൾ ഉള്ള വിദ്യാർഥികൾ ബാങ്കുമായി ബന്ധപ്പെട്ട് അത് ലൈവ് ആണെന്ന് ഉറപ്പാക്കണമെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. (പിഎൻപി 1108/19)

## മഴക്കാലപൂർവ ശുചീകരണം: യോഗം ചേർന്നു

ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടേയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടേയും കർമപദ്ധതി തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ യോഗം ചേർന്നു. ഗ്രാമപപഞ്ചായത്ത് പ്രസിഡന്റ് എം.എസ് സിജു ഉദ്ഘാടനം ചെയ്തു. ആരോഗ്യവിദ്യാഭ്യാസ സ്ഥിരം സമിതി ചെയർമാൻ കെ.പി മുകുന്ദൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് മിനി ജോൺ, സ്ഥിരം സമിതി അധ്യക്ഷരായ ഗീതാസദാശിവൻ, ബാബുജി തര്യൻ, വാർഡ് അംഗങ്ങൾ, മെഡിക്കൽ ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ആരോഗ്യപ്രവർത്തകർ, ആശാപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1109/19)

## ഫോക്കസ് പോയിന്റിന്റെ ജില്ലാതല ഉദ്ഘാടനം നടത്തി

പ്ലസ്വൺ ഏകജാലക പ്രവേശനത്തോടനുബന്ധിച്ച് സർക്കാർ നടപ്പിലാക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനമായ ഫോക്കസ് പോയിന്റിന്റെ ജില്ലാതല ഉദ്ഘാടനം പത്തനം തിട്ട മാർത്തോമാ ഹയർ സെക്കണ്ടറി സ്കൂളിൽ കരിയർ ഗൈഡൻസ് മുൻ ജില്ലാ കോ-ഓർഡിനേറ്റർ സജയൻ ഓമല്ലൂർ നിർവഹിച്ചു. സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ്വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹികനീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിനൊന്നു വർഷമായി നടപ്പാക്കി വരുന്ന ഏകജാലക പദ്ധതിക്ക് വേണ്ട കരിയർ ഗൈഡൻസ് സംവിധാനമാണ് ഫോക്കസ് പോയിന്റ്.

ഹയർ സെക്കൻഡറി വകുപ്പിന്റെ കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടത്തുന്നത്. ഈ മാസം 16 വരെ രാവിലെ 9.30 മുതൽ നാലു വരെ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമുള്ള മാർഗനിർദേശങ്ങൾ ഫോക്കസ് പോയിന്റ് കേന്ദ്രങ്ങളിൽ നിന്നു ലഭ്യമാകുമെന്ന് ജില്ലാ കൺവീനർ ജി.സുനിൽകുമാർ അറിയിച്ചു. പത്താം ക്ലാസിനു ശേഷം അഭിരുചിക്കനുസരിച്ച് പ്ലസ്വണ്ണിന് ഏതു ഗ്രൂപ്പ് തെരഞ്ഞെടുക്കണം, ഭാവിയിൽ ഏതൊക്കെ കോഴ്സുകൾ തെരഞ്ഞെടുക്കണം, പ്ലസ് വൺ ഏകജാലക അപേക്ഷ സമർപ്പണം എന്നിവ സംബന്ധിച്ച വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും സംശയങ്ങൾ ദൂരീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫോക്കസ് പോയിന്റ് സംവിധാനം ആവിഷ്കരിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ www.hscap.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്ലസ്വൺ പ്രവേശനത്തിന് ഇന്ന് (10) മുതൽ അപേക്ഷ സമർപ്പിക്കാം. ചടങ്ങിൽ ജില്ലാ കൺവീനർ ജി. സുനിൽകുമാർ, ക്യാമ്പ് ഓഫിസർമാരായ ഷീബ വർഗീസ്, എം എസ് സുമ, രക്ഷകർത്യപ്രതിനിധി ജേക്കബ് എബ്രഹാം എന്നിവർ പ്രസംഗിച്ചു. (പിഎൻപി 1110/19)

## ഫോക്കസ് പോയിന്റ്: ആശങ്കകളില്ലാതെ ഏക ജാലക പ്രവേശനം

ഒന്നാം വര്‍ഷ ഹയര്‍ സെക്കന്‍ഡറി പ്രവേശനവുമായി ബന്ധപ്പെട്ട ഏക ജാലക പ്രവേശന നടപടികള്‍ സുഗമവും സുതാര്യവുമാകുന്നതിനായി ഹയര്‍ സെക്കന്‍ഡറി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ഫോക്കസ് പോയിന്റ്. പ്ലസ് വണ്‍ പ്രവേശനത്തിന് ഒരുങ്ങിയ കുട്ടികളെയും രക്ഷിതാക്കളെയും സഹായിക്കുന്നതിനും, പ്രവേശനത്തിന്റെ വിശദ വിവരങ്ങള്‍ പറഞ്ഞ് മനസിലാക്കുന്നതിനുമായി ജില്ലയില്‍ ആറ് ഫോക്കസ് പോയിന്റുകള്‍ ഇന്നലെ മുതല്‍ പ്രവര്‍ത്തനം ആരംഭിച്ചു. ഹയര്‍സെക്കന്‍ഡറി വകുപ്പിലെ കരിയര്‍ ഗൈഡന്‍സ് ആന്റ് അഡോളസെന്റ് കൗണ്‍സിലിംഗ് സെല്ലിന്റെ നേതൃത്വത്തില്‍ കോഴഞ്ചേരി, റാന്നി, മല്ലപ്പള്ളി, തിരുവല്ല, അടൂര്‍, കോന്നി എന്നീ കേന്ദ്രങ്ങളിലാണ് ഹെല്‍പ് ഡെസ്ക്കുകള്‍ പ്രവര്‍ത്തിക്കുന്നത്. മാര്‍ത്തോമ്മാ എച്ച്എസ്എസ് പത്തനംതിട്ട, റാന്നി എംഎസ്എച്ച്എസ്എസ്, മല്ലപ്പള്ളി സിഎംഎസ്എച്ച്എസ്എസ്, തിരുവല്ല ബാലികാമഠം എച്ച്എസ്എസ്, അടൂര്‍ ഗവ. ബോയ്സ് സ്കൂള്‍, കോന്നി ഗവ. ഹയര്‍സെക്കന്‍ഡറി സ്കൂള്‍ എന്നിവിടങ്ങളിലാണ് ഈ വര്‍ഷം ഫോക്കസ് പോയിന്റ് പ്രവര്‍ത്തിക്കുന്നത്.

ഓണ്‍ലൈന്‍ ഏകജാലക പ്രവേശന നടപടികള്‍ ചെയ്യുന്നതിന് മുന്‍പായി എല്ലാ രക്ഷിതാക്കള്‍ക്കും വിദ്യാര്‍ഥികള്‍ക്കും ഹെല്‍പ്പ് ഡെസ്ക്കിന്റെ സേവനം ഉപയോഗപ്പെടുത്താം. ഇഷ്ടപെട്ട കോഴ്സുകള്‍, സ്കൂളുകള്‍ തെരഞ്ഞെടുക്കുന്ന വിധം എന്നിവ സംബന്ധിച്ച വിവരങ്ങള്‍ ഫോക്കസ് പോയിന്റില്‍ നിന്നും ലഭിക്കും. തെറ്റായ രീതിയില്‍ അപേക്ഷകള്‍ സമര്‍പ്പിക്കുന്നതിനാല്‍ കുട്ടികള്‍ക്ക് യഥാസമയം അഡ്മിഷന്‍ ലഭിക്കാതിരിക്കാനുള്ള സാധ്യത കണക്കിലെടുത്താണ് ഇത്തരമൊരു ഹെല്‍പ്പ് ഡെസ്ക്കിന് രൂപം നല്‍കിയത്. പരിശീലനം ലഭിച്ച കരിയര്‍ ഗൈഡുകളുടെ സേവനം ഇന്നലെ മുതല്‍ ഈ മാസം 16 വരെ എല്ലാ കേന്ദ്രങ്ങളിലും ലഭ്യമാണ്. www.hscap.in എന്ന വെബ് സൈറ്റിലൂടെ കൂടുതല്‍ വിവരങ്ങള്‍ ലഭ്യമാകും. ഹയര്‍ സെക്കന്‍ഡറി കോഴ്സുകള്‍, ജോലി സാധ്യത എന്നിങ്ങനെ വിദ്യാര്‍ഥികളുടെ അഭിരുചിക്കനുസരിച്ച് കോഴ്സ് തെരഞ്ഞെടുക്കാനുള്ള ഗൈഡന്‍സും കേന്ദ്രങ്ങളില്‍ ലഭ്യമാണ്.

(പിഎന്‍പി 1111/19)

## കുടിശിക ഒടുക്കാം

മോട്ടോര്‍ തൊഴിലാളി ക്ഷേമനിധി ബോര്‍ഡില്‍ തൊഴിലാളി വിഹിതം കുടിശികയായ വര്‍ക്ക് ഒമ്പത് ശതമാനം പലിശ സഹിതം ജൂണ്‍ 30 വരെ കുടിശിക ഒടുക്കാമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസര്‍ അറിയിച്ചു. ഫോണ്‍: 0468 2320158.

(പിഎന്‍പി 1112/19)

## അംഗത്വം പുനസ്ഥാപിക്കാം

കര്‍ഷക തൊഴിലാളി ക്ഷേമനിധി ബോര്‍ഡില്‍ അംഗങ്ങളായ, അംശദായ കുടിശിക വരുത്തിയവര്‍ക്ക് പ്രതിവര്‍ഷം 10 രൂപ പലിശ സഹിതം കുടിശിക അടച്ച് അംഗത്വം പുനസ്ഥാ പിക്കാന്‍ ആഗസ്റ്റ് മാസം വരെ അവസരമുള്ളതായി ക്ഷേമനിധി ഓഫീസര്‍ അറിയിച്ചു. ഫോണ്‍: 0468 2327415.

(പിഎന്‍പി 1113/19)

## രേഖകള്‍ ഹാജരാക്കണം

കര്‍ഷക തൊഴിലാളി ക്ഷേമനിധി ബോര്‍ഡിന്റെ പത്തനംതിട്ട ഡിവിഷന്‍ ഓഫീസില്‍ നിന്നും റിട്ടയര്‍ ചെയ്ത് (60 വയസ് പൂര്‍ത്തയാക്കി) 2012 ഡിസംബര്‍ വരെ അതിവര്‍ഷാനു കൂല്യത്തിന് അപേക്ഷിച്ച് ആനുകൂല്യം കൈപ്പറ്റാത്തവര്‍ അധാര്‍ കാര്‍ഡ്, ബാങ്ക് പാസ്ബുക്ക്, സാക്ഷ്യപത്രം എന്നിവയുടെ പകര്‍പ്പുകള്‍ ഈ മാസം 31നകം ഡിവിഷന്‍ ഓഫീസില്‍ ഹാജ രാക്കണമെന്ന് ക്ഷേമനിധി ഓഫീസര്‍ അറിയിച്ചു. ഫോണ്‍: 0468 2327415.

(പിഎന്‍പി 1114/19)

## എസ്പിസി ജില്ലാതല സമ്മര്‍ ക്യാമ്പ് തുടങ്ങി

എസ്പിസി പ്രോജക്ടിന്റെ ജില്ലാതല സമ്മര്‍ ക്യാമ്പ് തുടങ്ങി. ജില്ലാ കളക്ടര്‍ പി.ബി. നൂഹ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജീവിതത്തില്‍ വ്യക്തമായ ഒരു ലക്ഷ്യബോധം ഉണ്ടാകുന്നതിന് എസ്പിസിയില്‍ ചേരുന്നതിലൂടെ വിദ്യാര്‍ഥികള്‍ക്ക് സാധിക്കുമെന്ന് കളക്ടര്‍ പറഞ്ഞു. കടമ്പനാട് കെആര്‍കെപിഎംബിഎച്ച്എസിലും വിവേകാനന്ദ ഗേള്‍സ് എച്ച്എസിലുമാണ് ക്യാമ്പ് നടക്കുന്നത്. എസ്പിസി ജില്ലാ നോഡല്‍ ഓഫീസര്‍ എം.എസ്.സന്തോഷ് അധ്യക്ഷത വഹിച്ച ചടങ്ങില്‍ അഡീഷണല്‍ എസ്.പി എസ്.ശിവപ്രസാദ് മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണര്‍ ജി.മുരളീധരന്‍ നായര്‍, വിദ്യാഭ്യാസ ഉപഡയറക്ടര്‍ പി. എ.ശാന്തമ്മ, ജില്ലാ ഫയര്‍ ഓഫീസര്‍ എം.ജി.രാജേഷ് തുടങ്ങിയവര്‍ സംസാരിച്ചു.

നിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നടന്ന സംവാദം സബ്ജഡ്ജ് ആര്‍.ജയകൃഷ്ണന്‍, വനിതാ കമ്മീഷന്‍ എസ്.പി കുര്യാക്കോസ് എന്നിവര്‍ നയിച്ചു.

ഈ മാസം 11 വരെയാണ് ക്യാമ്പ് നടക്കുക.

(പിഎന്‍പി 1115/19)

## ഫോട്ടോ അടിക്കുറിപ്പ്

1) പത്തനംതിട്ട മാര്‍ത്തോമാ ഹയര്‍ സെക്കണ്ടറി സ്കൂളില്‍ ആരംഭിച്ച ഫോക്കസ് പോയിന്റ് കരിയര്‍ ഗൈഡന്‍സ് മുന്‍ ജില്ലാ കോ-ഓര്‍ഡിനേറ്റര്‍ സജയന്‍ ഓമല്ലൂര്‍ ഉദ്ഘാടനം ചെയ്യുന്നു.
2) എസ്പിസി പ്രോജക്ടിന്റെ ജില്ലാതല സമ്മര്‍ ക്യാമ്പ് ജില്ലാ കളക്ടര്‍ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യുന്നു.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മേയ് 9

May 9

2019

*1193 മേടം 25 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഹൃദയാഘാതം വന്ന 52കാരന് പത്തനംതിട്ട ജനറൽ ആശുപത്രി കാത്ത്ലാബ് തുണയായി**

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ നെഞ്ചു വേദനയെ തുടർന്ന് പ്രവേശിപ്പിച്ച 52കാരന് കാത്ത്ലാബ് തുണയായി. ഹൃദയാഘാതമാണെന്ന് തിരിച്ചറിഞ്ഞതിനെ തുടർന്ന് രോഗിയുടെ അവസ്ഥ ഗുരുതരമാണെന്ന് മനസിലാക്കി ഉടൻ തന്നെ കാത്ത് ലാബിൽ പ്രവേശിപ്പിച്ചു. ഹൃദയധമനിയിൽ 100 ശതമാനം അടവുണ്ടായിരുന്ന രക്ത കുഴലിൽ സ്റ്റെൻഡ് നിക്ഷേപിച്ച് ആൻജിയോപ്ലാസ്റ്റി ചികിത്സ വിജയകരമായി പൂർത്തിയാക്കി. അതീവ ഗുരുതരാവസ്ഥയിലായിരുന്ന രോഗി ഇപ്പോൾ ഐസിയുവിൽ സുഖം പ്രാപിച്ചു വരുന്നു. ജനറൽ ആശുപത്രിയിലെ ഹൃദ്രോഗ വിദഗ്ധരായ ഡോ. എം. സി.ജോൺ, ഡോ. ജോസ് പൈകട, കാത്ത് ലാബ് സ്റ്റാഫ് നഴ്സ്മാരായ സൂര്യ, ജോൺ, അനീഷ് എന്നിവരാണ് ചികിത്സയ്ക്കു നേതൃത്വം നൽകിയത്. കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ച ശേഷം പതിനഞ്ചോളം രോഗികൾക്കു കാത്ത് ലാബിൽ സേവനം നൽകി കഴിഞ്ഞു. എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങൾക്കു ശേഷം ആരോഗ്യ വകുപ്പിൽ ഈ സേവനം നൽകി വരുന്ന മൂന്നാമത്തെ സ്ഥാപനമാണ് പത്തനംതിട്ട ജനറൽ ആശുപത്രി. (പിഎൻപി 1116/19)

**ഫോട്ടോ അടിക്കുറിപ്പ്**

3) പത്തനംതിട്ട ജനറൽ ആശുപത്രിയിലെ കാത്ത്ലാബിന്റെ ദൃശ്യം

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്